**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1723** **08-12-2022 - ൽ മറുപടിയ്ക്ക്**

**അമ്പലപ്പുഴ നിയോജക മണ്ഡലത്തിലെ മത്സ്യത്തൊഴിലാളികളുടെ അടിസ്ഥാന സൗകര്യവികസനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എച്ച്. സലാം** | | **ശ്രീ. വി. അബ്ദുറഹിമാൻ (മത്സ്യബന്ധനം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി)** | |
| (എ) | മത്സ്യത്തൊഴിലാളികളുടെ അടിസ്ഥാനസൗകര്യ വികസനത്തിനായി അമ്പലപ്പുഴ നിയോജക മണ്ഡലത്തിൽ നടപ്പാക്കുന്ന പദ്ധതികളും അവയുടെ നിലവിലെ സ്ഥിതിയും ലഭ്യമാക്കാമോ; | (എ) | മത്സ്യത്തൊഴിലാളികളുടെ അടിസ്ഥാന സൗകര്യ വികസന ത്തിനായി അമ്പലപ്പുഴ നിയോജക മണ്ഡലത്തിൽ നടപ്പാക്കുന്ന പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധം- Iആയി ചേർക്കുന്നു. |
| (ബി) | ഫ്ലാറ്റ് സമുച്ചയം മത്സ്യത്തൊഴിലാളികൾക്ക് ഉപയോഗയോഗ്യമാക്കുന്നതിന് നിലവിൽ പൂർത്തീകരിക്കാനുള്ള പ്രവൃത്തികൾ എന്തൊക്കെ; ഇതിനായി നാളിതുവരെ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ; | (ബി) | ഫിഷറീസ് വകുപ്പിന്റെ പുനർഗേഹം പദ്ധതിയിൽ ഉൾപ്പെടുത്തി മണ്ണുമ്പുറത്ത് 204 വ്യക്തിഗത ഫ്ലാറ്റുകളുടെ നിർമ്മാണത്തിനാണ് അംഗീകാരം നൽകിയിട്ടുള്ളത്. പ്രസ്തുത ഫ്ലാറ്റിന്റെ വിവിധ ഫേസുകളിൽ റൂഫ് സ്ലാബ് ഷട്ടറിംഗ്, കോളം വർക്ക് എന്നിവ പുരോഗമിച്ചു വരുന്നു. ഇതു കൂടാതെ ഫ്ലാറ്റിന്റെ അകത്തും പുറത്തുമുള്ള പ്ലാസ്റ്ററിംഗും നടന്നു വരുന്നു.<br><br>ഫ്ലാറ്റ് സമുച്ചയം മത്സ്യത്തൊഴി ലാളികളിലേക്ക് ഉപയോഗയോഗ്യമാക്കു ന്നതിന് ആവശ്യമായ മറ്റ് ഘടകങ്ങളായ ചുറ്റുമതിൽ നിർമ്മാണം, ഡ്രൈനേജ് സംവിധാനം, കെട്ടിടത്തിന്റെ മുമ്പിലായി ഇന്റർലോക്ക് പാകൽ, റോഡ് ടൈലിംഗ്, പ്ലംബിംഗ്, സെപ്റ്റിക് ടാങ്ക്, സോക്പിറ്റ് നിർമ്മാണം, ആർ.സി.സി ഓവർഹെഡ് ടാങ്ക് നിർമ്മാണം , പമ്പ് ഹൗസ് സർവ്വീസ് കണക്ഷനോടുകൂടി വൈദ്യുതീകരണം, ട്യൂബ് വെൽ നിർമ്മാണം, മാലിന്യ ട്രീറ്റ്മെന്റ് പ്ലാന്റ്, ബയോഗ്യാസ് പ്ലാന്റ് എന്നിവ കൂടി നടപ്പിലാക്കേണ്ടതുണ്ട്. ഇവയിൽ ചുറ്റുമതിൽ നിർമ്മാണം, വെള്ളക്കെട്ട് ഒഴിവാക്കുന്നതിനായി ഫില്ലിംഗ് എന്നിവ എം.എൽ.എ ഫണ്ട് ഉപയോഗിച്ചും ഡ്രൈനേജ് നിർമ്മാണം, ഇൻർ ലോക്ക് പാകൽ, റോഡ് ടൈലിംഗ് എന്നിവ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് മുഖേനെയും നടപ്പിലാക്കുന്നതിന് ധാരണയായിട്ടുണ്ട്. |
| (സി) | തോട്ടപ്പള്ളി മത്സ്യ ബന്ധന ഉറമുഖത്തേയ്ക്കുള്ള റോഡ് | (സി) | ദേശീയപാത മുതൽ തോട്ടപ്പള്ളി ഫിഷിംഗ് ഹാർബർ |

| | | | |
|---|---|---|---|
| | നിർമ്മാണത്തിനായി തുക അനുവദിച്ചിട്ടുണ്ടോ; എത്ര രൂപയാണ് അനുവദിച്ചിട്ടുള്ളത്; ഇതിന്റെ പകർപ്പ് ലഭ്യമാക്കാമോ; പദ്ധതി നടപ്പാക്കുന്നതിന് നാളിതുവരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചു; വ്യക്തമാക്കാമോ? | | വരെയുള്ള റോഡിന്റെ നിലവാരം ഉയർത്തുന്ന പ്രവൃത്തിക്കായി 150ലക്ഷം രൂപയുടെ ഭരണാനുമതി 26-10-2022 തീയതിയിലെ ജി.ഒ. (ആർ.റ്റി) നമ്പർ 670/2022/എഫ്&പിഡി പ്രകാരം നൽകിയിട്ടുണ്ട്. (അനുബന്ധം- II). റോഡ് അലൈൻമെന്റിൽ ഉള്ള NH- ന്റെ അധീനതയിലുള്ള ഭാഗത്തെ Land aquisition നുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ

**അനുബന്ധം- I**

| ക്രമ നം | പദ്ധതി | അടങ്കൽ തുക (ലക്ഷത്തിൽ) | നിലവിലെ അവസ്ഥ |
|---|---|---|---|
| 1 | ആലപ്പുഴ ജില്ലയിലെ മണ്ണുംപുറത്ത് 204 വ്യക്തിഗത ഫ്ലാറ്റ് നിർമ്മാണം (Stage1) | 2040.00 | പദ്ധതി പുരോഗമിക്കുന്നു |
| 2 | പ്രോൺ ഹാച്ചറി നിർമ്മാണം വളഞ്ഞവഴി | 176.00 | പദ്ധതി പുരോഗമിക്കുന്നു |
| 3 | തോട്ടപ്പള്ളി തീര സംരക്ഷണ പദ്ധതി, ആലപ്പുഴ | 240.00 | പരിശോധിച്ചു വരുന്നു |
| 4. | ആലപ്പുഴ ജില്ലയിലെ മണ്ണുംപുറത്ത് 168 വ്യക്തിഗത ഫ്ലാറ്റ് നിർമ്മാണം (StageII) | 1680.00 | ലഭ്യമായ സ്ഥലത്ത് 24 വ്യക്തിഗത ഫ്ലാറ്റുകൾ നിർമ്മിക്കുവാൻ നടപടി സ്വീകരിച്ചുവെങ്കിലും നിർദ്ദിഷ്ട സ്ഥലത്ത് മറ്റു സാങ്കേതിക കാരണങ്ങളാൽ തുടർ നടപടി സ്വീകരിച്ചിട്ടില്ല. |

**<u>ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പ്രവൃത്തികൾ</u>**

**<u>തോട്ടപ്പള്ളി മത്സ്യബന്ധന തുറമുഖം</u>**

അമ്പലപ്പുഴ നിയോജക മണ്ഡലത്തിലെ തോട്ടപ്പള്ളി മത്സ്യബന്ധന തുറമുഖം രണ്ടാംഘട്ട വികസനത്തിനായി തെക്കേ പുലിമുട്ടിന്റെ 250 മീറ്റർ നീളം വർദ്ധിപ്പിക്കുന്ന പ്രവൃത്തിയ്ക്കായി ഓഖി പദ്ധതിയിൽ ഉൾപ്പെടുത്തി 13.38 കോടി രൂപയുടെ അനുമതി നൽകുകയും 13.30 കോടി രൂപയുടെ സാങ്കേതികാനുമതി നൽകി പ്രവൃത്തി നടന്നുവരികയുമാണ്. ഈ പ്രവൃത്തിയിൽ നിലവിലുള്ള പുലിമുട്ടിന്റെ സംരക്ഷണത്തിനായുള്ള അറ്റകുറ്റ പ്രവൃത്തികളും, മണലടിയുന്ന പ്രവണത കുറയ്-ക്കുന്നതിനായി തെക്കേ പുലിമുട്ടിന്റെ നീളം 250 മീറ്റർ വർദ്ധിപ്പിക്കുന്നതിനുമാണ് ഉദ്ദേശിച്ചിട്ടുള്ളത്.

നിലവിൽ 45 ശതമാനം പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. പുലിമുട്ടിന്റെ നിർമ്മാണത്തിന് ആവശ്യമായ പാറ കിട്ടുന്നതിന് ദൗർലഭ്യം നേരിടുന്നത് പ്രവൃത്തിയുടെ പുരോഗതിയെ സാരമായി ബാധിച്ചിട്ടുണ്ട്.

തോട്ടപ്പള്ളി ഫിഷിംഗ് ഹാർബറിന്റെ രണ്ടാംഘട്ട വികസനത്തിന്റെ ഭാഗമായി തെക്കേ പുലിമുട്ട് 170 മീറ്റർ നീളം വർദ്ധിപ്പിക്കുന്നതിനും, നിലവിലെ വടക്കേ പുലിമുട്ടിൽ നിന്നും 300 മീ. വടക്കോട്ടു മാറി 436 മീറ്റർ നീളത്തിൽ ഒരു പുലിമുട്ട കൂടി നിർമ്മിക്കുന്നതിനും, വാർഫ്, ലേലപ്പുര, മറ്റ് അനുബന്ധ ഘടകങ്ങൾ എന്നിവ ഉൾപ്പെട്ട പദ്ധതി രൂപരേഖ 2019 മുതൽ NABARD/RIDF/FIDF/PMMSY തുടങ്ങിയ സ്കീമുകളിൽ ഉൾപ്പെടുത്തുന്നതിനായി സമർപ്പിച്ചിരുന്നുവെങ്കിലും അംഗീകാരം ലഭ്യമായില്ല. തോട്ടപ്പള്ളി മത്സ്യബന്ധന തുറമുഖം പൂർണ്ണമായി പ്രവർത്തന സജ്ജമാക്കുന്നതിന് കൃത്യമായ ഇടവേളകളിൽ ഡ്രെഡ്ജിംഗ് നടത്തുകയും മേൽ പദ്ധതി രൂപരേഖയ്ക്ക് അംഗീകാരം ലഭ്യമാക്കി പ്രവൃത്തി പൂർത്തീകരിക്കേണ്ടതുമുണ്ട്. തോട്ടപ്പള്ളി ഫിഷിംഗ് ഹാർബറിന്റെ രണ്ടാം ഘട്ട വികസനത്തിനായി എഫ്.ഐ.ഡി.എഫ് പദ്ധതിയിൽ 148.00 കോടി രൂപയുടെ പദ്ധതി രൂപരേഖ പരിശോധിച്ചു വരുന്നു

തോട്ടപ്പള്ളി ഫിഷിംഗ് ഹാർബറിലെ ലോക്കർ റൂം മെയിന്റനൻസിനായി 22 ലക്ഷം രൂപയുടെ പ്രവൃത്തിക്ക് കരാർ വെച്ച് സൈറ്റ് കരാറുകാരന് കൈമാറുകയും ചെയ്തിട്ടുണ്ട്.

## <u>തീരദേശ റോഡുകളുടെ നവീകരണം</u>

അമ്പലപ്പുഴ മണ്ഡലത്തിലെ റോഡ് നവീകരണ പ്രവൃത്തികളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| നം | പ്രവൃത്തിയുടെ പേര് | ഭരണാനുമതി നമ്പരും തുകയും | നിലവിലുള്ള പുരോഗതി |
|---|---|---|---|
| 1 | **2017-18**<br>ആലപ്പുഴ നഗരസഭ – പള്ളാത്തുരുത്തി വാർഡ് കന്നിട്ട ജെട്ടി മുതൽ തെക്കോട്ടു വലിയ പറമ്പ് പാലം വരെയുള്ള റോഡ് | ജി. ഒ. (ആർറ്റി) നമ്പർ 974/2017/എഫ്&പിഡി തീയതി 22-12-2017 109.00 ലക്ഷം | പ്രവൃത്തി പുരോഗമിച്ചുവരുന്നു. |
| 2 | **2021-22**<br>പുന്നപ്ര തെക്ക് ഗ്രാമപഞ്ചായത്ത് വാർഡ് നമ്പർ 5 ലെ കരിമ്പാവളവ് ആറ്റുതീരം റോഡ് | ജി. ഒ. (ആർറ്റി) നമ്പർ 592/2021/എഫ്&പിഡി തീയതി 26-10-2021 215.70 ലക്ഷം | ടി പ്രവൃത്തിയുടെ കുറച്ചു ഭാഗം LSGD നടപ്പിലാക്കിയതിനാൽ LSGD യിൽ നിന്നും വ്യക്തത വരുത്തുന്നതിന് കത്ത് നൽകിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| 3 | <u>**2022-23**</u><br>നാഷണൽ ഹൈവേ മുതൽ തോട്ടപ്പള്ളി ഫിഷിംഗ് ഹാർബർ വരെയുള്ള തീരദേശ റോഡിന്റെ പുനരുദ്ധാരണം | ജി. ഒ. (ആർറ്റി) നമ്പർ 670/2022/എഫ്&പിഡി തീയതി 26-10-2022<br>150.00 ലക്ഷം | സാങ്കേതികാനുമതിയ്-ക്കുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിവരുന്നു. |